മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ). സർ, ഈ പ്രമേയത്തെ എതിർത്തു സംസാരിച്ചുവരല്ലാതെ ഒരാൾ ഇതു ഗൗരവമായിട്ട് എടുത്തു കാണുന്നില്ല. ഈ ഒക്ടോബർ 5-ാംതീ- മുതൽ ഇന്നുവരെ ഏകദേശം 10-12 ദിവസങ്ങൾ സമ്മേളിച്ചു കഴിഞ്ഞിരിക്കുകയാണ്. വളരെ ഗൗരവമായിട്ടുള്ള പല കാര്യങ്ങളും ഇവിടെ ചർച്ചാവിഷയമായിട്ടുണ്ട്. അതായതു് പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള അടിയന്തിരപ്രമേയം, സപ്ലിമെന്ററിഗ്രാന്റ് അവയെപ്പറ്റിയുള്ള അപ്രാപ്രിയേഷൻബില്ല് ഇങ്ങനെ പല ഗൗരവതരങ്ങളായ കാര്യങ്ങളും വാദപ്രതിവാദം ചെയ്കയും അതിൽ പരസ്പരം ഉണ്ടായ വിമർശനങ്ങളും ആ വിമർശനങ്ങൾ ചിലപ്പോൾ അതിരുകവിഞ്ഞുപോയതുകൊണ്ടുണ്ടായിട്ടുള്ള വൈഷമ്യങ്ങളും ഒടുവിൽ വോട്ടെടുപ്പും ഇങ്ങനെ പല കാര്യങ്ങൾ ഇവിടെ നടക്കുക ഉണ്ടായി. അവസാനമായി അവതരിപ്പിക്കപ്പെട്ട ഒരു റസല്യൂഷൻ ആണ് ഇതു്. ഈ റസല്യൂഷനെ ആരുംതന്നെ ഹാർദ്ദമായി ചിന്താങ്ങിയതായി എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് ഇതു് എതിർക്കേണ്ടിവന്നതിൽ ഖേദിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : കാൺഗ്രസ്സ് പാർട്ടിയിൽ ഇതേപ്പറ്റി ചർച്ചചെയ്യ അവസരത്തിൽ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള അനുമതി പാർട്ടി നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഈ പ്രമേയം കൊണ്ടുപോഴാണ് ഈ കാര്യം മനസ്സിലാക്കുന്നതു്. സർ, ഈ പ്രമേയത്തെ ശ്രീ. ടി. എസ്സ്. രാമസ്വാമി ഒഴിച്ചു് ബാക്കി ഉള്ളവരുടെ അഭിപ്രായം കേട്ടതിൽ ആരുംതന്നെ ഇതു ഗൗരവതരമായി കരുതുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയതു്. നേരെ മറിച്ചു് ആരെങ്കിലും ഗൗരവമായിട്ടുതന്നെ അഭിപ്രായപ്പെടുകയോ വിചാരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെയും എതിർക്കുകയാണ് ചെയ്യുന്നതു്.

The amendments of Shri Joseph Chazhikatt, Shri P. Ramaswami Pillai, and Shri N Narayana Kurup, were by leave, withdrawn.

The resolution was, by leave, withdrawn.

4. Re: Steps to be taken by Govt. to make the Second Five Year Plan a success.

SHRI R. PRAKASAM: Sir, I move:

"This House is of opinion that in order to make the Second Five Year Plan a success this Government should take steps to:—

1. increase the present allotment of Rs. 130 crores to 200 crores;

2. give adequate protection to our major cottage industries like coir and handloom and also to our coir manufacturing industry;

LIBRARY ARCHIVES Kerala Legislative Assembly

3. conduct an immediate survey of our water resources with a view to develop our hydro-electric power and major irrigation schemes and to exploit our natural resources in the forest and sea ;

4. give more emphasis to industrialisation especially labour intensive industries with the active help of the Government;

5. establish a State Trading Corporation;

6. give land to the tiller through effective land reforms;

7. nationalise the British Plantation for procuring the necessary funds and to lessen the tax-burden on the masses of the people ;

8. give more powers to the Panchayats and Local Self-governing bodies with a view to enlist the co-operation of the people in the execution of the plan and cause representation to the workers in the boards of management in industries for the co-operation of the workers in production."

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു് ഒരവകാശത്തിനു വേണ്ടി-അങ്ങനെയുള്ളതു് ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ സംസ്ഥാനത്തു് രണ്ടാം പഞ്ചവത്സരപദ്ധതി സംബന്ധിച്ചു് ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന തുകയെ സംബന്ധിച്ചുള്ള ഈ പ്രമേയം ഈ സഭയിൽ വളരെ കൂടുതൽ ചർച്ചയ്ക്കു് വിഷയമാകേണ്ട ഒന്നാണു്. കഴിഞ്ഞ തവണ രണ്ടാം പഞ്ചവത്സരപദ്ധതിയുടെകാര്യം ഇവിടെ കൊണ്ടുവന്നിട്ടുള്ളതാണു്. അതേസമയത്തു് ഈ സഭയിലെ ബഹുമാനപ്പെട്ട ശ്രീ. താണുപിള്ള മുഖ്യമന്ത്രിയോടുതന്നെ ചോദിക്കുകയുണ്ടായി "ഞങ്ങൾ ഈ രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പറ്റിയുള്ള ഡ്രാഫ്റ്റിനെ ചർച്ച ചെയ്യണോ അതോ എസ്റ്റ് മേളിയൽ മതിയോ" എന്നു്. എതായാലും ഈ വിഷയത്തെ സംബന്ധിച്ചു് ഈ സഭയിൽ ചർച്ചയ്ക്കുള്ള സമയം കുറച്ചിരിക്കുകയാണെന്നാണു് എന്റെ അഭിപ്രായം. ആദ്യമായി ഈ സഭയിൽ രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പറ്റി ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. എന്നാൽ പഞ്ചവത്സരപദ്ധതിയുടെ ഡ്രാഫ്റ്റ് ഞങ്ങൾക്കു് കിട്ടുന്നതിനു മുൻപാണു് ഈ പ്രമേയം അയച്ചിട്ടുള്ളതു്. ഡ്രാഫ്റ്റ് നെപ്പറ്റിയുള്ള പ്രസ്താവനയും നോട്ടീസുമാണു് ആദ്യമായി ഞങ്ങൾക്കു് കാണാൻ സാധിച്ചതു്. ഒന്നാം പഞ്ചവത്സരപദ്ധതിയെപ്പോലെ തന്നെ രണ്ടാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചും നാട്ടിൽ വലിയ ആക്ഷേപം ഉണ്ടായിരിക്കുകയാണു്. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണു് ഇതു്. അതനുസരിച്ചു് പല നല്ല കാര്യങ്ങളും നമുക്കു ചെയ്യുതീർക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ഇത്രകൊ ഈ പദ്ധതിയെപ്പറ്റി, അതായതു് 1956 മുതൽ 1961 വരെ ഉള്ള കാലഘട്ടത്തിൽ ചെയ്യുതീർക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചു് ചർച്ച ചെയ്യുന്നതിനോ അല്ലെങ്കിൽ അഭിപ്രായവിനിമയം ചെയ്യുന്നതിനോ ഇതുവരെ സമയം കിട്ടിയിട്ടില്ല. വിശേഷിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചിടത്തോളം മദ്രാസ് നിയമസഭയ്ക്കും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. പ്രകാശം]

വളരെ വളരെ ചർച്ചകൾക്ക് വിധേയമായിട്ടുള്ളതും അതിന്റെ ഫല മായി അവക്ക് നമ്മേക്കാൾ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളതും ആകുന്നു. അങ്ങനെ ഇരിക്കെ ഈ ഗവണ്മെന്റിനു് ഈ പദ്ധതിയെക്കുറിച്ചു് പൊതു ജനങ്ങളോടോ അല്ലെങ്കിൽ നിയമസഭാസാമാജികന്മാരോടോ വേണ്ട തരത്തിലുള്ള സമ്പർക്കം പുലർത്താനുള്ള മനോഭാവം കാണിക്കാതിരുന്നിട്ടുള്ളതു് അപലപനീയമാണു്. ഇവയെപ്പറ്റി ചോദിച്ചാൽ മുഖ്യമന്ത്രി പറയുമായിരിക്കും ഇതിൽ ഉള്ള പ്രൊവിഷൻ എല്ലാം ഫ്ളക്സിബിൾ ആണെന്നു്. സർ, അങ്ങനെ ആണെങ്കിൽ എനിക്കു പറയാനുള്ളതു് ഈ കാര്യങ്ങളെപ്പറ്റി തീർച്ചയായും നല്ലതുപോലെ ചിന്തിക്കാനുള്ളതാണു് എന്നാണു്.

രണ്ടാമതായി എനിക്കു് പറയുവാനുള്ളതു് ഒന്നാം പഞ്ചവത്സരപദ്ധ തിയുടെ നേട്ടങ്ങളെക്കുറിച്ചു് ഈ ഡ്രാഫ്റ്റിൽ പറഞ്ഞിരിക്കുന്നതുതന്നെ സ്വയം പരാമർശങ്ങളാണെന്നാണു്. കഴിഞ്ഞ സെഷനിൽ ഒന്നാം പഞ്ച വത്സരപദ്ധതിയെപ്പറ്റി ചർച്ചയ്ക്കായി കുറെ സമയം അനുവദിക്കയുണ്ടായി. അന്നു് നടന്ന ചർച്ചാവേളയിൽ പ്രൊഫസർ മുണ്ടശ്ശേരി അഭിപ്രായ പ്പെട്ട കാര്യങ്ങളാണു് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഡ്രാഫ്റ്റിന്റെ ഒന്നാംവശ്യം ചേർത്തിരിക്കുന്നതു്. ഒന്നാം പഞ്ചവത്സരപദ്ധതി സംബ ന്ധിച്ചു് പ്രൊഫസർ മുണ്ടശ്ശേരി ചെയ്ത പ്രസംഗങ്ങൾ ഞാൻ വായിക്കു കയുണ്ടായി. അന്നു് ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ മുഖ്യമന്ത്രി വളരെ വീറോടുകൂടി എതിർത്തുകൊണ്ടു് പല വാദപ്രതിവാദങ്ങളും ചെയ്തുകയുണ്ടാ യെങ്കിലും യഥാർത്ഥത്തിൽ ഡ്രാഫ്റ്റിന്റെ ഒന്നാംഭാഗത്തു പറഞ്ഞിരി ക്കുന്ന സംഗതികൾ പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതുപോലെതന്നെ സംഭവിച്ചിരിക്കുകയാണു്. അതുകൊണ്ടു് ആ കാര്യത്തെ വീണ്ടും ഒന്നുകൂടി എടുത്തു് ഈ സഭയിൽ വിശദീകരിച്ചു് സമയം പാഴാക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. മാത്രമല്ല ശവത്തിനെ ഇട്ടു കുത്തുന്നതും ശരിയല്ലല്ലൊ. എന്നുവരികിലും പ്രൊഫസർ മുണ്ടശ്ശേരി ദീർഘദർശനം ചെയ്തതുപോലെ അതായതു് ചില ഉദ്യോഗസ്ഥന്മാർക്കു് വലിയ വലിയ ശമ്പളം കൊടുത്തു് അവരെ തൃപ്തിപ്പെടുത്താൻ വേണ്ടിയല്ലാതെ പദ്ധതിപ്രകാരം ജനക്ഷേമ കരമായ പ്രവർത്തനങ്ങൾ ചെയ്യാനല്ല ഭാവം, എന്നാണു് അദ്ദേഹം അന്നു് അഭിപ്രായപ്പെട്ടതു്. അതുപോലെ തന്നെയാണു് ഇപ്പോൾ സംഭവിച്ചി ട്ടുള്ളതും. അതുകൊണ്ടു് പദ്ധതിയിൽ ഇനിയും രാജ്യക്ഷേമത്തെ മുൻനിറുത്തി പല മാറ്റങ്ങളും വരുത്തേണ്ടതാണു്.

സർ, ഞങ്ങൾ ഉൾക്കൊള്ളുന്ന പാർട്ടി സാധാരണയായി സ്വയം വിമർശനങ്ങൾ നടത്തുന്നവരാണു്. ആ മാതൃക മുഖ്യമന്ത്രിയും അനുകരിക്ക ന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. സ്വയം വിമർശന ങ്ങൾ നടത്തുന്നതുകൊണ്ടു് വല്ല തെറ്റുകളും ഉണ്ടായിരുന്നാൽ അടുത്ത ഭാവിയിൽ അവ തിരുത്താൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ഇപ്പോഴത്തെ സ്ഥിതി അനുസരിച്ചു് ഒന്നാം പഞ്ചവത്സരപദ്ധതിയെ സംബ ന്ധിച്ചിടത്തോളവും വളരെ കയ്പേറിയ അനുഭവമാണു് ഉണ്ടായിട്ടുള്ളതെ ങ്കിൽ രണ്ടാം പഞ്ചവത്സരപദ്ധതിയിലെങ്കിലും അവ ശരിപ്പെടുത്തുമെന്നു് പ്രതീക്ഷിക്കാൻപോലും ഇപ്പോൾ ന്യായം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് വളരെ കുറച്ചുസമയംമാത്രമേ അനുവദിച്ചിട്ടുള്ളതുകൊണ്ട് ഞാൻ ഈ പ്രായ്നിറിലേയ്ക്ക് മാത്രം കടക്കുകയാണ്. സർ, രണ്ടാം പഞ്ച വത്സരപദ്ധതിക്കുവേണ്ടി ഇൻഡ്യാ ഗവണ്മെൻറ് ഇൻഡ്യ ഒട്ടുക്ക് ആകെ അനുവദിച്ചതു് 5300 കോടി രൂപയാണ്. അതിൽ 130.7 കോടി രൂപ ആണ് നാം ആവശ്യപ്പെട്ടതു്. ഇപ്പോൾ ആ തുകയിൽനിന്നും വളരെ പുറകോട്ടുപോയിരിക്കുന്ന ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളതു്.

Chief Minister (SHRI PANAMPILLI GOVINDA MENON): Since this is an important matter, I want to make a correction.

രണ്ടാമത്തെ പഞ്ചവത്സരപദ്ധതിക്കുവേണ്ടി ഇൻഡ്യ ഒട്ടാകെ നിശ്ച യിച്ചിട്ടുള്ളതു് അയ്യായിരത്തി മുന്നൂറകോടി രൂപ ആണെന്നു് ബഹുമാന പ്പെട്ട മെംബർ പറയുന്നതു് ശരിയാണ്. എന്നാൽ ആ തുകയിൽ രണ്ടാ യിരത്തി ഇരുന്നൂററി അൻപതുകോടി രൂപ സ്റ്റേറ് ഗവണ്മെൻറുകൾക്ക് ചെലവാക്കാനായി നീക്കിവച്ചിട്ടുള്ളതും ബാക്കിയുള്ള സംഖ്യ മുഴുവനും സെൻട്രൽ ഗവണ്മെൻറിനു് ചെലവാക്കാനുള്ളതും ആകുന്നു. ഞാൻ പറ യുന്നതു് ഈ പ്ലാനിംഗിനെപ്പററി ചർച്ച ചെയ്യുമ്പോൾ സ്റ്റേറ് ഗവ ണ്മെൻറുകൾ നടത്താൻപോകുന്ന പ്ലാനിംഗിനു് 2250 രൂപയാണ് അനു വദിച്ചിരിക്കുന്നതു് എന്ന കാര്യം മനസ്സിൽവച്ചുകൊണ്ടു മുമ്പോട്ടുപോക ണമെന്നാണ്.

ശ്രീ. ആർ. പ്രകാശം: ഞാൻ ആ കാര്യത്തിലേയ്ക്കു തന്നെയാണുവരുന്ന തു്. ഈ അയ്യായിരത്തി മൂന്നൂറകോടി രൂപയുടെ അടിസ്ഥാനത്തിൽ നോ ക്കിയാൽ സ്റ്റേറ്ഗവണ്മെൻറുകൾക്ക 2250 കോടി രൂപയാണ അലാട്ട ചെ യ്തിരിക്കുന്നതു്. ആ തരത്തിൽ അതിന്റെ നാൽപ്പതിൽ ഒന്നായ അൻപത്ത ഞ്ചുകോടി രൂപ മാത്രമാണ നമുക്കു കിട്ടാൻ അർഹതയുള്ളതു എന്നു അദ്ദേഹം പറഞ്ഞു. ഞാൻ പറയുന്നതു നമ്മുടെ സ്റ്റേറിനു കുറഞ്ഞതു 130 കോടി രൂപയെങ്കിലും അനുവദിക്കേണ്ടതാണ്. 130 കോടി രൂപയിൽ നിന്നും വളരെ കുറഞ്ഞ ഒരു തുക നമുക്കു അലാട്ട ചെയ്യ എന്നു പറഞ്ഞു ഞാൻ മുഖ്യമന്ത്രിയെ കുറപ്പെടുത്തുന്നില്ല. സർ, അത്യാവശ്യമുള്ള പല പ്രശ്നങ്ങളും നമ്മുടെ സ്റ്റേറിൽ അന്തർഭവിച്ചിട്ടുണ്ടെന്ന വസ്തുത പരിഗണി ച്ചാൽ ഈ 130 കോടി രൂപയെങ്കിലും നമുക്കു അനുവദിക്കേണ്ടതാണു എന്ന എന്റെ അഭിപ്രായത്തിൽ എല്ലാവരും യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെയുള്ള പരിതഃസ്ഥിതി മററു രാജ്യങ്ങളിൽനിന്നു വിഭിന്നമാണ്. ഇവിടെ തൊഴിലില്ലായ്മയുണ്ട്. ഭൂമിയെപ്പററിയുള്ള തർക്കമുണ്ട്. ഇങ്ങനെ അനേകം പ്രശ്നങ്ങളും ഈ സംസ്ഥാനത്തുണ്ട്. ഇതെല്ലാം നോക്കിയാൽ 130 കോടിയിൽ കുറഞ്ഞ ഒരു പ്ലാൻ ഇവിടെ ഇട്ടുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഞാൻ ഇതെല്ലാം പറയു മ്പോൾ ജനങ്ങൾ എല്ലാംതന്നെ ഗവണ്മെൻറ് എന്തു ചെയ്യാലും എതി ർക്കുന്നു എന്നും മററും മുഖ്യമന്ത്രി പറഞ്ഞേയ്ക്കും. ഒരുപക്ഷെ അദ്ദേഹം പറ യുമായിരിക്കാം ഈ 130 കോടി രൂപതന്നെ അനുവദിക്കണമെന്നു ഞാൻ വളരെ വാദിച്ചു, യത്നിച്ചു, എങ്കിലും അവർ ഇത്രയെ തന്നുള്ളൂ എന്നു്. ഇത്രയെ തന്നുള്ളൂ എങ്കിലും കൂടുതൽ ചെലവാക്കും എന്നൊക്കെ അദ്ദേഹം പറയുമായിരിക്കും. സെൻട്രൽ ഗവണ്മെൻറ 75 കോടി രൂപ വെട്ടി ക്കുറച്ചു് 55 കോടിയാക്കി എന്നു്. ഞാൻ വാദിച്ചു് 75 കോടിയാക്കും എന്നു് അദ്ദേഹം പറയും, എന്റെ കൈയിൽ നമ്മുടെ സംസ്ഥാനത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. പ്രകാശം]

നിന്നും പാർലമെന്റിലേയ്ക്ക് പോയിട്ടുള്ള എം. പി. മാരിൽ മൂന്നുപേരുടെ കത്തുകളുണ്ട്. നമ്മുടെ മുഖ്യമന്ത്രി ഡെൽഹിയിൽ ചെന്നിട്ട് അവരെക്കണ്ട് ഈ കാര്യത്തിനു വാദിക്കണമെന്നു അവരോട് പറഞ്ഞു. വളരെത്താമസിച്ചുപോയ എന്നും ഇനി ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും നേരത്തെ ആയിരുന്നുവെങ്കിൽ കേന്ദ്രമന്ത്രിമാരെയോ മറ്റോ കണ്ട് കാര്യം സാധിക്കാമായിരുന്നുവെന്നും അവർ പറഞ്ഞു. പക്ഷെ നമ്മുടെ മുഖ്യമന്ത്രി അതിനു മുതിർന്നില്ല. എല്ലാവരുടേയും സഹകരണത്തോടുകൂടി എല്ലാ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളുടെയും പിൻതുണയോടുകൂടി ഈ പ്രശ്നത്തെ സമീപിച്ചിരുന്നുവെങ്കിൽ തീർച്ചയായും 200 കോടി രൂപ നമുക്കു ലഭിക്കുന്നതിനു യാതൊരു വൈഷമ്യവും ഉണ്ടാകുകയില്ലായിരുന്നു. അങ്ങനെയാണ് ഈ എം. പി. മാർ പറയുന്നത്: എന്നാൽ ഇദ്ദേഹം പറയുന്നതു 55 കോടി രൂപയേ അവർ അനുവദിച്ചുള്ളുവെന്നും, ഞാൻ വാദിച്ചു വാദിച്ചു 75 കോടി രൂപയാക്കിയെന്നുമാണ്. രാജ്യത്തെ പ്രതിനിധാനം ചെയ്യുന്ന എല്ലാവരെയും അണിനിരത്തിക്കൊണ്ട് ഈ പ്രശ്നം കേന്ദ്രത്തിന്റെ മുമ്പിൽ വച്ചിരുന്നുവെങ്കിൽ നമുക്കു കൂടുതൽ ലഭിക്കുമായിരുന്നു. ഇപ്പോഴും സമയം കഴിഞ്ഞിട്ടില്ല. ഇനിയെങ്കിലും ഈ മാതിരി കാര്യങ്ങളിൽ കക്ഷിതാൽപ്പര്യത്തിനു മറന്നു പ്രവർത്തിക്കണം.

ഇനി എനിക്കു പറയുവാനുള്ളതു കേന്ദ്രം പ്രത്യേകമായി ചെലവാക്കുന്ന ചില വ്യവസായങ്ങളെ സംബന്ധിച്ചാണ്. കപ്പൽ വ്യവസായത്തെ സംബന്ധിച്ചു് എനിക്കുള്ള അറിവു വച്ചുകൊണ്ടു പറയുകയാണെങ്കിൽ അതു നമ്മുടെ രാജ്യത്തുനിന്നു മാറി ബോംബെയിൽ സ്ഥാപിക്കുവാൻ പോകുന്നുവെന്നു് പറയുന്നു. ഒരു പക്ഷെ ഇതു അടിസ്ഥാനരഹിതമാണെന്നു മുഖ്യമന്ത്രി പറഞ്ഞേയ്ക്കും. നമ്മുടെ രാജ്യത്തു് സ്ഥാപിക്കണമെന്നു കേന്ദ്രം തീരുമാനിച്ചു് അങ്ങനെ സ്ഥാപിക്കുന്ന സ്ഥാപനം തന്നെ ഇവിടെനിന്നു പോകുകയാണെങ്കിൽ കുത്തക വ്യവസായികൾ ഇതു അവർക്കുവേണ്ടി ഉപയോഗിക്കാനാണു പോകുന്നതു് എന്നും ഇതു അപകടമാണെന്നും ഞാൻ മുന്നറിവു തരുന്നു.

മറ്റൊന്നു് എനിക്കു പറയുവാനുള്ളതു നമ്മുടെ ജലസമ്പത്തിനെക്കുറിച്ചാണു്. എനിക്കു ഒരു കാര്യം ചോദിക്കുവാനുണ്ടു്. പ്ലാനിംഗ് നമ്മുടെ നാട്ടിൽ പുതിയതായി ആരംഭിച്ചിട്ടുള്ളതല്ല. ഇതിനു് മുമ്പു് ദിവാൻജിമാരുടെ കാലത്തും നമ്മുടെ നാട്ടിൽ പ്ലാനിംഗ് ഉണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ സർ, അവരെയൊക്കെ പ്രശംസിക്കേണ്ടതുതന്നെയാണു്. ഇന്നലത്തെയോ മിനിഞ്ഞാന്നത്തെയോ പേപ്പറിലാണെന്നു തോന്നുന്നു, മദ്രാസ് ഗവണ്മെന്റിന്റെ റിവർ വാട്ടർ സംബന്ധിച്ച ഫിനാൻസിന്റെ മുഖപ്രസംഗമായ് കാണുകയുണ്ടായി. നദീജലക്കാര്യത്തെ സംബന്ധിച്ചു്. അവർക്കുള്ള സ്കീമിന്റെ സമഗ്രമായ ഒരു ചിത്രം അതിൽ ഉണ്ടായിരുന്നു. ഇവിടെ പറഞ്ഞതുപോലെ ഇവിടെയും ചാലക്കുടി സ്കീം എന്നു ഒന്നുണ്ടെന്നു്. സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ദിവാൻജിയായിരുന്നകാലത്തു് ഒരിക്കൽ പറയുകയുണ്ടായി ഇവിടത്തെ നദികളിൽനിന്നും ഒരുതുള്ളി വെള്ളം സമുദ്രത്തിലേയ്ക്കു പ്രയോജനരഹിതമായി ഒഴുകുവാൻ സമ്മതിക്കുകയില്ലെന്നു്. സർ അതിനു അദ്ദേഹത്തിനു ഒരു പദ്ധതിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഇവിടെ ചീഫ് ഇഞ്ചിനീയരായിരുന്ന മി. വെങ്കിടകൃഷ്ണനു് ഇതിനെ സംബന്ധിച്ചിടത്തോളം ഒരു സ്കീം ഉണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നതായിട്ടാണ് ഞാൻ അറിയുന്നത്. നമ്മുടെ മലകളിൽ വലിയ ഒരു ജലസമ്പത്തുണ്ട്. ആ ജലസമ്പത്തിനെ ശേഖരിച്ചുകൊണ്ട് രാജ്യത്ത് നാനാവിധ പദ്ധതികൾക്കായി ഉപയോഗിക്കുന്ന തരത്തിൽ ഒരു പദ്ധതി ബഹുമാനപ്പെട്ട ആസൂത്രണം ചെയ്തിരുന്നു എന്നാണ് ഞാൻ കേട്ടത്. അതു സെക്രട്ടറിയേറ്റിൽ ഫയലുകളിൽ ഉണ്ട്. ഞങ്ങളുടെ കൈവശമില്ല. എങ്കിലും അതു കൈവശമുള്ള ആളുകൾ ആ ഫയലുകൾ നോക്കി അതൊന്നു പരിശോധിക്കുന്നതു നന്നായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇപ്പോഴത്തെ മുഖ്യമന്ത്രിയും, സർ സി. പി. രാമസ്വാമിഅയ്യരെപ്പോലെ ഒരു തുള്ളി വെള്ളംപോലും കടലിൽ ഒഴുകാൻ സമ്മതിക്കുകയില്ലെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. ആർ. പ്രകാശം: അതു പറയേണ്ട സമയത്തു പറഞ്ഞിട്ടില്ല. ഞാൻ ഇതെല്ലാം പറയുമ്പോൾ തമിഴ്നാട്ടിലേയ്ക്കുപോകുന്ന എന്റെ മാന്യസ്നേഹിതന്മാർ ക്ഷോഭിക്കരുതെ. അവരോട് യാതൊരു സ്നേഹക്കുറവും ഞാൻ കാണിക്കില്ല. മദ്രാസ്, തിരുവിതാംകൂർ–കൊച്ചി എന്ന വഴക്കിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. നാം ഈ കാര്യങ്ങളെല്ലാം സമചിത്തതയോടുകൂടി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഈമാതിരി കാര്യങ്ങൾ വരുമ്പോൾ നമ്മുടെ കാര്യങ്ങളെ പരിരക്ഷിക്കണമെന്നു പറയാതിരിക്കാൻ തരമില്ല. ഇപ്പോൾത്തന്നെ സെൻട്രലിൽ വാട്ടർ ആൻഡ് പവ്വർ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ച് നമ്മുടെ മലകളിൽനിന്നു ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്ന നദികളെ കിഴക്കോട്ട് ഒഴുക്കണമെന്നു പറയുകയാണെങ്കിൽ അതു എന്തടിസ്ഥാനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല; എങ്കിലും എനിക്കു അതിൽ കുണ്ഠിതവും ഇല്ല. പക്ഷെ മുഖ്യമന്ത്രിയെപ്പോലെതന്നെ പ്രഗത്ഭനായ മദ്രാസ് മന്ത്രി സുബ്രഹ്മണ്യവും ഹിന്ദുപത്രവും തിരുവിതാംകൂർ–കൊച്ചിയിലെ നദികളിലുള്ള ജലത്തെ മദ്രാസ് പ്രവിശ്യയിലെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുവാൻ വെമ്പൽകൊള്ളുകയാണ്. അങ്ങനെ അവർ ഇവിടത്തെ ജലം അവിടെയുള്ള ആളുകൾക്കുവേണ്ടി ഉപയോഗിക്കണമെന്നു പറയുമ്പോൾ, അതു സാദ്ധ്യമല്ലെന്നു നാം പറഞ്ഞിട്ടും സെൻട്രൽ ഗവണ്മെൻറ് അതു കേൾക്കാൻ ഭാവമില്ലെങ്കിൽ സുബ്രഹ്മണ്യവും മറ്റും ഇങ്ങനെ സംസാരിക്കുന്നതു സമചിത്തതയോടുകൂടി കേട്ടുകൊണ്ടിരിക്കാൻ വിഷമമുണ്ട്. ഈ കാര്യത്തിലെല്ലാം മുഖ്യമന്ത്രിയെടുക്കുന്ന നിലയെന്താണ്. റഷ്യൻ വിപ്ലവം നടന്നകാലത്തു സാർ ആഫ് റഷ്യ ഒരു പ്രസ്സ്നോട്ട് ഇറക്കുകയുണ്ടായി, "All is quiet in the western front" എന്നു. സൈന്യങ്ങൾ പുറംതിരിഞ്ഞു ഓടിക്കൊണ്ടിരിക്കുമ്പോൾ ജനറൽ പറയുന്നു വിജയമാണെന്നു. അതുപോലെയാണ് നമ്മുടെ മുഖ്യമന്ത്രി സംസാരിക്കുന്നത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, അരമണിക്കൂർകൂടി സഭ നീട്ടിയാൽ കൊള്ളാം.

ശ്രീ. ആർ. പ്രകാശം: സർ, എന്റെ പ്രസംഗം ഒരു മണിക്കുമുമ്പു തീർന്നില്ലെങ്കിൽ അഞ്ചു മിനിട്ടുകൂടി എനിക്കു അനുവദിച്ചുതരണം.

മി. സ്പീക്കർ: സഭ ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. പ്രകാശം : സർ, അപ്പോൾ ഞാൻ പറഞ്ഞുകൊണ്ടു വന്നതു് ഈ പ്രശ്നത്തെ ശരിയായ തരത്തിൽ നോടിടമെന്നാണു്. എന്റെ മുമ്പിൽ മദ്രാസ് ഗവണ്മെന്റിന്റെ വൈറ്റപേപ്പർ ഉണ്ടു്. അതിൽ വളരെ വ്യക്തമായി പറയുന്നുണ്ടു്, തിരുവിതാംകൂർ–കൊച്ചിയിലെ ജലസമൃദ്ധി മദ്രാസിലേയ്ക്കുവേണ്ടി വിനിയോഗിക്കുന്നതിനായി മൂന്നുകോടി രൂപയുടെ ഒരു പദ്ധതി ഉണ്ടാക്കിയിരിക്കുകയാണു് ഗവ്മെന്റ്. അതിൽ 55 ലക്ഷംരൂപയുടെ ഒരു ജലസേചനപദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ടു്. തിരുവിതാംകൂർ–കൊച്ചിയിൽനിന്നുള്ള വെള്ളം അവിടെ ഉപയോഗിക്കുന്നതിനുവേണ്ടി പ്ലാനിംഗ് കമ്മീഷനോടു സമ്മർദ്ദം ചെലുത്തുമെന്നു വളരെ വ്യക്തമായ ഭാഷയിൽ പറയുന്നുണ്ടു്. അതുകൊണ്ടു കാര്യങ്ങൾ ഇങ്ങനെ വിട്ടുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ഈ പോരായ്മകളെല്ലാം നികത്തുന്നതിനുവേണ്ടി ഒരു സെഷൻ വിളിച്ചുകൂട്ടി ചർച്ചചെയ്യണമെന്നാണു് എന്റെ അഭിപ്രായം. മറ്റൊരു കാര്യം നമ്മുടെ വ്യവസായവൽക്കരണത്തെ സംബന്ധിച്ചാണു്. ഇവ്ടെ ഒന്നോ രണ്ടോ വ്യവസായങ്ങൾ ഉണ്ടു്. കേന്ദ്രത്തിന്റെ പ്ലാൻ വ്യവസായവൽക്കരണമാണെന്നു പറയുന്നുണ്ടു്. ദ്വിതീയ പഞ്ചവത്സര പദ്ധതിപ്രകാരം 75 ശതമാനം ഇതിനായി നീക്കിവച്ചിരിക്കുകയാണെന്നും ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഇതിനു് എട്ടര ശതമാനം മാത്രമേ നീക്കിവച്ചിരുന്നുള്ളുയെന്നും കാണുന്നുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : ഈ വക കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ സഭ ഒരു ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇപ്പോൾത്തന്നെ ഒന്നേമുക്കാൽ മണിക്കൂറോളമായി. ഇനിയും പ്രധാനപ്പെട്ട ഒന്നിരണ്ടു പദ്ധതികളെപ്പറ്റി എല്ലുവെക്കും സംസാരിക്കാനുണ്ടു്.

SHRI PANAMPILLI GOVINDA MENON : It is not possible to have a sitting to-morrow.

MR. SPEAKER : It is not possible.

ശ്രീ. ആർ. പ്രകാശം : എന്നാൽ അതേ സമയത്തു നമ്മുടെ പ്ലാനിംഗിൽ പതിനഞ്ചരശതമാനംമാത്രമേ വ്യവസായത്തിനായി നീക്കിവച്ചിട്ടുള്ളു. അതിൽ കുടിൽവ്യവസായത്തിനു് ഒരുകോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. കുടിൽവ്യവസായത്തിനും ചെറുകിടവ്യവസായങ്ങൾക്കുമായി തുക കൊള്ളിച്ചുകഴിഞ്ഞാൽ ബാക്കി വൻകിടവ്യവസായങ്ങൾക്കു വളരെ കുറഞ്ഞ ഒരു തുകയാണ ഉള്ളതു്. അതായതു് നാലുകോടി രൂപ മാത്രമാണു്. ഇതിനായി ചെലവാക്കാൻ പോകുന്നതു്. അതിൽതന്നെ 75 ലക്ഷം രൂപ റബ്ബർ ഫാക്ടറിക്കു മുടക്കുകയാണു്. ഷീറ്റ് ഗ്ലാസ് വ്യവസായം ചേർത്തല മണൽപ്പുറത്തു ആരംഭിക്കുമെന്നു പറയുന്നുണ്ടു്. പക്ഷെ അതും എത്രത്തോളം നടക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. കേന്ദ്രമന്ത്രിമാർക്കു് ഇതിനെ സംബന്ധിച്ചു് എഴുതാമെന്നു പറയുന്നുണ്ടെങ്കിലും ഫലം സംശയാസ്പദമാണു്. കുത്തകമുതലാളിമാർ ഇതും തിരുവിതാംകൂർ–കൊച്ചിക്കു വെളിയിലേയ്ക്കു കൊണ്ടുപോകുകയില്ലയോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

MR. SPEAKER ; The House will now adjourn *sine die*.

The Assembly adjourned *sine die* at 1 P. M.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Question No.* * *611* (7)]

തിരുവനന്തപുരം ഡിവിഷൻ.

1. കീഴ്കുളം
2. കടയ്ക്കാവൂർ

കൊല്ലം ഡിവിഷൻ.

3. വിളക്കുടി
4. നെടുമൺ
5. പുളിംകുന്ന്
6. കീരിക്കാട്ട്
7. പള്ളിപ്പാട്ട്
8. ചെന്നീക്കര
9. കോന്നി
10. പ്രമാടം

കോട്ടയം ഡിവിഷൻ

11. കാഞ്ഞിർ
12. നീഴൂർ
13. കോഴിപ്പള്ളി

തൃശ്ശൂർ ഡിവിഷൻ.

14. കോട്ടവള്ളി
15. തൃക്കൂർ
16. ചിറ്റാറ്റുകര
17. ചൂർണിക്കര
18. അവനൂർ

LIBRARY ARCHIVES Kerala Legislative Assembly